REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 25-08-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ബഹിരാകാശ രംഗത്തെ നേട്ടങ്ങളെയും ബഹിരാകാശ സാങ്കേതിക വിദ്യകളെയും പരാമർശിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് .
- രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത യുവാക്കൾ ദേശീയ രാഷ്ട്രീയത്തിലേക്ക് കടന്നു വരണമെന്ന ആഹ്വാനത്തിന് മികച്ച പ്രതികരണം ലഭിച്ചതായും പ്രധാനമന്ത്രി.
- ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത് രാജി സന്നദ്ധത അറിയിച്ചതായി മന്ത്രി സജി ചെറിയാൻ.
- ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനം ഏറ്റെടുത്തതു മുതൽ ഒരു സംഘം ആളുകൾ ആരോപണങ്ങളുമായി രംഗത്തുണ്ടായിരുന്നെന്ന് രഞ്ജിത്ത്.
- നടൻ സിദ്ധിഖ്, താര സംഘടനയായ അമ്മ യുടെ ജനറൽ സെക്രട്ടറി സ്ഥാനം രാജി വെച്ചു.
- വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്കായി തിരച്ചിൽ പുന:രാരംഭിച്ചു.

## വാർത്തകൾ വിശദമായി

ബഹിരാകാശ രംഗത്തെ നേട്ടങ്ങളെയും ബഹിരാകാശ സാങ്കേതിക വിദ്യകളെയും പരാമർശിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് ആകാശവാണിയിലും ദൂരദർശനിലും പ്രക്ഷേപണം ചെയ്തു. കഴിഞ്ഞ വർഷം ഓഗസ്റ്റ് 23 ന് ചന്ദ്രയാൻ -3 ദൗത്യം ചന്ദ്രനിലെ ശിവ് ശക്തി പോയിന്റിൽ വിജയകരമായി ലാൻഡ് ചെയ്തതോടെ ഈ നേട്ടം സ്വന്തമാക്കിയ ആദ്യ രാജ്യമായി ഭാരതം മാറിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഇത് ബഹിരാകാശ മേഖലയുമായി ബന്ധപ്പെട്ട ഒട്ടേറെ സ്റ്റാർട്ടപ്പുകൾക്ക് വഴിതുറന്നു. മദ്രാസ് IIT പൂർവ്വവിദ്യാർത്ഥികളുടെ സ്പേസ്ടെക് സ്റ്റാർട്ടപ്പ്, ഗാലക്സ് -EYE യുടെ ടീമുമായി പ്രധാനമന്ത്രി അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...

ഒരു മേഖലയിലെ പരിഷ്ക്കരണം സൃഷ്ടിക്കുന്ന ഫലങ്ങളെക്കുറിച്ച് പലരും ചിന്തിക്കാറില്ലെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. എന്നാൽ അതുണ്ടാക്കുന്ന പ്രയോജനങ്ങൾ പലപ്പോഴും സങ്കല്പങ്ങൾക്കുപോലും അപ്പുറമാണെന്ന് ഇന്ത്യയിലെ പുതിയ ബഹിരാകാശ ഇക്കോ സിസ്റ്റം വിലയിരുത്തി മോദി പറഞ്ഞു.

രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത യുവാക്കൾ ദേശീയ രാഷ്ട്രീയത്തിലേക്ക് കടന്നു വരണമെന്ന  ഡൽഹി ചുവപ്പുകോട്ടയിലെ ആഹ്വാനത്തിന് മികച്ച പ്രതികരണം ലഭിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. വലിയൊരു വിഭാഗം യുവാക്കൾ രാഷ്ട്രീയത്തിൽ വരാൻ തയ്യാറായിക്കഴിഞ്ഞു. ശരിയായ അവസരവും, ശരിയായ മാർഗ നിർദ്ദേശവും നൽകിയാൽ യുവതലമുറയ്ക്ക് രാജ്യത്തിനു വേണ്ടി  അവരുടെ കഴിവുകൾ വിനിയോഗിക്കാൻ കഴിയുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. വികസിത ഭാരതമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ യുവാക്കളുടെ കടന്നുവരവിലൂടെ കഴിയുമെന്നും  അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വാതന്ത്ര്യസമര കാലത്തും രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത ഒട്ടേറെ പേർ സമരരംഗത്തേക്ക്  കടന്നു വന്നിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു.

'ഹർ ഘർ തിരംഗ ഔർ പൂരാ ദേശ് തിരംഗ' എന്ന പ്രചാരണത്തിന് രാജ്യത്തിന്റെ നാനാഭാഗത്തു നിന്നും മികച്ച പ്രതികരണം ലഭിച്ചതായി പ്രധാനമന്ത്രി വിലയിരുത്തി. മുഴുവൻ സംസ്ഥാനങ്ങളിലെയും  ജനങ്ങൾ തിരംഗ യാത്രയിൽ പങ്കെടുത്തും പതാകയുയർത്തിയും സ്വാതന്ത്ര്യദിനത്തെ സാമൂഹിക ഉത്സവമാക്കി മാറ്റി.

ത്രിവർണ പതാകകളും മാലകളും നിർമ്മിയ്ക്കുന്ന സ്വയംസഹായ സംഘങ്ങളിലെ സ്ത്രീകൾക്ക് E-കൊമേഴ്സ് പ്ലാറ്റ്ഫോമിൽ അവ വിറ്റഴിക്കാനും,  വരുമാനം കണ്ടെത്താനും കഴിഞ്ഞു.  അഞ്ചു കോടിയിലേറെ സെൽഫികൾ ഭാരതത്തെ ഒന്നിപ്പിക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായെന്നും അദ്ദേഹം പറഞ്ഞു.

സമാധാനപരമായ മനുഷ്യ-മൃഗ സഹവാസത്തിന്റെ യഥാർത്ഥ കഥകൾ പ്രധാനമന്ത്രി മൻ കി ബാത്തിൽ എടുത്തു പറഞ്ഞു.  അസമിലെ ടിൻസുകിയ ജില്ലയിൽ  ഹോളോബന്തർ എന്നയിനം കുരങ്ങുകളുമായി അടുത്ത ബന്ധം പുലർത്തുന്ന ഗ്രാമീണരെ കുറിച്ച് അദ്ദേഹം പരാമർശിച്ചു.

അരുണാചൽപ്രദേശിലെ ഒരു സംഘം പ്രകൃതി സ്നേഹികൾ 3-D പ്രിന്റിംഗിലൂടെ മൃഗങ്ങളുടെ കൊമ്പുകളും പല്ലുകളും പുനഃസൃഷ്ടിച്ച് വസ്ത്രങ്ങളും തൊപ്പികളും നിർമ്മിയ്ക്കുന്നതിനെപ്പറ്റിയും പ്രധാനമന്ത്രി പറഞ്ഞു. പ്രകൃതിയിൽ സ്വയം അലിഞ്ഞു ചേരുന്ന സാധനങ്ങൾ കൊണ്ടാണ് ഇവ നിർമ്മിക്കുന്നത്. ഈ രംഗത്തേക്ക് കൂടുതൽ സ്റ്റാർട്ടപ്പുകൾ കടന്നുവരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

മധ്യപ്രദേശിലെ ഝാബുവയിൽ പാഴ് വസ്തുക്കളിൽ നിന്ന് അതിശയകരമായ കലാസൃഷ്ടികൾ യാഥാർത്ഥ്യമാക്കുന്ന ശുചീകരണ തൊഴിലാളികളുടെ മാതൃകയും പ്രധാനമന്ത്രി പ്രത്യേകം പരാമർശിച്ചു. കളിപ്പാട്ടങ്ങളുടെ പുനരുപയോഗത്തിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. കുട്ടികൾ ഉപേക്ഷിക്കുന്ന കളിപ്പാട്ടങ്ങൾ , അവ ആവശ്യമായ സ്ഥലങ്ങളിലേക്ക് സംഭാവന ചെയ്യുന്നത് പരിസ്ഥിതി സംരക്ഷണത്തിന് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

വരും ദിവസങ്ങളിൽ വന്നുചേരുന്ന ജന്മാഷ്ടമി, ഗണേശ ചതുർത്ഥി, ഓണാഘോഷം, നബിദിനം എന്നീ ആഘോഷങ്ങൾക്ക് പ്രധാനമന്ത്രി എല്ലാവർക്കും ആശംസകൾ നേർന്നു.

✪✪✪

ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത് രാജി സന്നദ്ധത അറിയിച്ചതായി മന്ത്രി സജി ചെറിയാൻ. രാജിക്കത്ത് കിട്ടിയാലുടൻ അത് അംഗീകരിക്കുമെന്നും ഗവൺമെന്റ് ആവശ്യപ്പെടാതെയാണ് അദ്ദേഹത്തിന്റെ രാജിയെന്നും സജിചെറിയാൻ ചെങ്ങന്നൂരിൽ പറഞ്ഞു. ഇടതുപക്ഷത്തിന്റെ മനസ്സും രാഷ്ട്രീയവും സ്ത്രീപക്ഷത്താണെന്നും സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന ഏത് നീക്കത്തെയും ശക്തമായി എതിർക്കുമെന്നും മന്ത്രി അറിയിച്ചു.

രഞ്ജിത്തിനെ സാംസ്കാരികമന്ത്രി സംരക്ഷിക്കുന്നുവെന്ന വാർത്ത വേദനിപ്പിച്ചതായും, കഴിഞ്ഞ ദിവസം താൻ പറയാത്ത കാര്യങ്ങൾ ചില മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്ത് സ്ത്രീ വിരുദ്ധത പ്രചരിപ്പിക്കാൻ ശ്രമിച്ചുവെന്നും മന്ത്രി ആരോപിച്ചു.

✪✪✪

ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനം ഏറ്റെടുത്തതു മുതൽ ഒരു സംഘം ആളുകൾ നടത്തുന്ന ആരോപണത്തിന്റെ ഭാഗമാണ് ബംഗാളി നടി ശ്രീലേഖ മിത്രയുടെ വെളിപ്പെടുത്തലെന്ന് രഞ്ജിത്ത് പ്രതികരിച്ചു. ഇതിനെതിരെ നിയമ നടപടികളുമായി മുന്നോട്ട് പോകുമെന്നും, ഗവൺമെന്റിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽക്കരുതെന്ന തീരുമാനത്തിലാണ് രാജിയെന്നും രഞ്ജിത് പറഞ്ഞു.

✪✪✪

നടൻ സിദ്ധിഖ്, താര സംഘടനയായ അമ്മ യുടെ ജനറൽ സെക്രട്ടറി സ്ഥാനം രാജി വെച്ചു. രാജി സന്നദ്ധത അറിയിച്ച് സിദ്ധിഖ് അമ്മ പ്രസിഡന്റ് മോഹൻലാലിന് ഇമെയിൽ സന്ദേശം അയയ്ക്കുകയായിരുന്നു.

ഇന്നലെയാണ് യുവനടി രേവതി സാവന്ത്, സിദ്ധിഖിനെതിരെ ലൈംഗിക അതിക്രമക്കുറ്റം ആരോപിച്ചത്. ആരോപണം ഉയർന്ന സാഹചര്യത്തിൽ ജനറൽ സെക്രട്ടറി സ്ഥാനത്ത് തുടരുന്നത് ധാർമികമായി ശരിയല്ലെന്ന് തോന്നിയതുകൊണ്ടാണ് രാജിയെന്ന് സിദ്ധിഖ് ഊട്ടിയിൽ പ്രതികരിച്ചു.

✪✪✪

ജനറൽ സെക്രട്ടറി സിദ്ധിഖ് രാജി വച്ച സാഹചര്യത്തിൽ 'അമ്മ' സംഘടനാ ഭാരവാഹികളുടെ അടിയന്തരയോഗം ഇന്ന്. ഓൺലൈനായി ചേരുന്ന യോഗത്തിൽ സിദ്ധിഖിന്റെ രാജി അടക്കം വിഷയങ്ങൾ യോഗം ചർച്ച ചെയ്തേക്കും.

✪✪✪

ഹേമ കമ്മറ്റി റിപ്പോർട്ടിനെ തുടർന്ന് പുറത്തുവരുന്ന വെളിപ്പെടുത്തലുകൾ സംബന്ധിച്ച് നിയമപരമായി പരിശോധിച്ച് ഉചിത തീരുമാനമെടുക്കുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. ഗവൺമെന്റിന് ആരെയും സംരക്ഷിക്കേണ്ട കാര്യമില്ലെന്ന് മന്ത്രി മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

നാസ ബഹിരാകാശ യാത്രികരായ സുനിത വില്യംസും, ബാരി വിൽമോറും അടുത്ത ഫെബ്രുവരിയിൽ സ്പേസ് എക്സുമായി ഭൂമിയിലേക്ക് മടങ്ങും. എട്ട് ദിവസത്തെ ദൗത്യവുമായി ബഹിരാകാശത്തേക്ക് പോയ ഇരുവരും, ബഹിരാകാശ പേടകത്തിന്റെ പ്രശ്നങ്ങളെ തുടർന്ന് എട്ട് മാസത്തോളം ഭ്രമണപഥത്തിൽ ചെലവഴിക്കേണ്ടി വരും.

✪✪✪

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്കായി തിരച്ചിൽ പുന:രാരംഭിച്ചു. സൂചിപ്പാറയിലും, റിപ്പൺ ആനടിക്കാപ്പ് മുതൽ ചാലിയാർ വരെയും 14 പേരടങ്ങുന്ന പ്രത്യേക സംഘമാണ് തിരച്ചിൽ നടത്തുന്നത്. വൈകിട്ട് മൂന്നര വരെയാണ് തിരച്ചിൽ.

✪✪✪

വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ 171-ാം ജയന്തി ഇന്ന്. ചട്ടമ്പി സ്വാമിയുടെ സമാധി സ്ഥലമായ കൊല്ലം പന്മന ആശ്രമത്തിൽ പ്രത്യേകപൂജകളും, പ്രാർത്ഥനയും സംഘടിപ്പിച്ചിരുന്നു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ഒഴിവാക്കിയാണ് ഇത്തവണ ജയന്തി ആചരിക്കുന്നത്.

✪✪✪

കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി നവംബർ ഒന്നിന് മാറുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. 'ഡിജി കേരളം' പദ്ധതിയുടെ മുന്നോടിയായി കോഴിക്കോട് കോർപറേഷനിൽ ഡിജിറ്റൽ സാക്ഷരതാ സർവേ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഈ വർഷത്തെ ദേശീയ കായിക ദിനം, ദേശവ്യാപക കായിക പങ്കാളിത്തത്തോടെ ആഘോഷിക്കാൻ കേന്ദ്ര മന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ ആഹ്വാനം ചെയ്തു. പ്രധാനമന്ത്രിയുടെ ഫിറ്റ് ഇന്ത്യ പ്രസ്ഥാനവുമായി മുന്നോട്ടു പോയി ആരോഗ്യ പൂർണമായ രാജ്യം എന്ന ലക്ഷ്യം നേടിയെടുക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഓർമ്മിപ്പിച്ചു. ഈ മാസം 29-നാണ് ദേശീയ കായിക ദിനം.

✪✪✪

ചൈനയിലെ ചെങ്ഡുവിൽ ഏഷ്യ ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ തൻവി പത്രി അണ്ടർ 15 പെൺകുട്ടികളുടെ സിംഗിൾസ് ഫൈനലിൽ എത്തി. വിയറ്റ്നാം താരത്തെ ഫൈനലിൽ തൻവി നേരിടും.

✪✪✪

ഒളിമ്പ്യൻ ശ്രീജേഷിന് നാളെ തിരുവനന്തപുരത്ത് നൽകാനിരുന്ന സ്വീകരണ ചടങ്ങ് മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു.

✪✪✪

പത്തനംതിട്ട പന്തളം കുളനട ജംക്ഷൻ ഓർത്തഡോക്സ് പള്ളിക്ക് സമീപം ടൂറിസ്റ്റ് ബസും ലോറിയും കൂട്ടിയിടിച്ച് ബസ് ഡ്രൈവർ മരിച്ചു. തിരുവനന്തപുരം സ്വദേശി മിഥുൻ ആണ് മരിച്ചത്. അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്.

മാനന്തവാടിയിൽ നിന്ന് തിരുവനന്തപുരത്തേക്ക് പോവുകയായിരുന്നു ബസ്.

✪✪✪

മലബാർ മിൽമ ക്ഷീര കർഷകർക്ക് ഓണ സമ്മാനമായി അധിക പാൽവിലയും കാലിത്തീറ്റ സബ്സിഡിയും നൽകും. എട്ട് കോടി 52 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ നൽകാൻ മലബാർ മേഖലാ യൂണിയൻ ഭരണ സമിതി യോഗം തീരുമാനിച്ചു. ഒരു ലക്ഷത്തോളം ക്ഷീര കർഷകരും 1,200

ആനന്ദ് മാതൃക പ്രാഥമിക ക്ഷീര സംഘങ്ങളും ഇതിന്റെ ഗുണഭോക്താക്കളാകും.

✪✪✪

ദേശീയ നേത്രദാന പക്ഷാചരണത്തിന്റെ കാസർഗോഡ് ജില്ലാതല പരിപാടി ഇന്നലെ ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി ബോധവത്ക്കരണ സെമിനാറും സംഘടിപ്പിച്ചിരുന്നു.

✪✪✪

കൊൽക്കത്ത RG കർ മെഡിക്കൽ കോളേജിലെ വനിതാ ഡോക്ടറുടെ മരണത്തിൽ മുൻ പ്രിൻസിപ്പൽ സന്ദീപ് ഘോഷിനെ CBI നുണ പരിശോധനയ്ക്ക് വിധേയനാക്കി. ഘോഷിനെതിരെ സാമ്പത്തിക ക്രമക്കേട് കേസിൽ പ്രഥമ വിവര റിപ്പോർട്ടും CBI ഫയൽ ചെയ്തു.

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് പ്രതിമാസ പ്രഭാഷണ പരമ്പര ഇന്ന് കോട്ടയം പനമറ്റത്ത് നടക്കും. സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ കഥയരങ്ങിലും പ്രഭാഷണത്തിലും പങ്കെടുക്കും. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി V ശിവകുമാർ ചടങ്ങിൽ അധ്യക്ഷനാകും.

✪✪✪